## ഒന്നാം ശുശ്രൂഷ

## മോതിരം വാഴ്വിന്റെ ക്രമം

(മദ്ബഹാ മുമ്പാകെ മണവാട്ടി മണവാളന്റെ വലതുവശത്തായി നിൽക്കുന്നു. തോഴ്മക്കാരൻ മണവാളന്റെ ഇടതുവശത്തും തോഴ്മക്കാരി മണവാട്ടിയുടെ വലതുവശത്തും നിൽക്കണം.)

പട്ടക്കാരൻ:- ശൂബഹോലാബൊ..........

ജനം:- ബലഹീനരും പാപികളുമായ............

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ! ഞങ്ങളുടെ സന്തോഷത്തിന്റെ ആരംഭവും ആനന്ദത്തിന്റെ പൂർത്തീകരണവും നിന്നോടു കൂടെയും നീ മുഖാന്തിരവും ഉണ്ടാകുവാൻ തക്കവണ്ണം അക്ഷയമായ സന്തോഷത്തിന് ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ദേഹികളും ആത്മാക്കളുംനിന്നാൽ ആനന്ദിക്കുമാറാകണമെ. നിന്റെ കരുണയാൽ ഞങ്ങളുടെ ദുഃഖങ്ങൾ മായിക്കപ്പെടുകയും നിന്റെ ദയയാൽ ഞങ്ങളുടെ സുകൃതങ്ങൾ വർദ്ധിക്കുകയും അനുഗ്രഹങ്ങൾ നിറഞ്ഞുകവിയുകയും ഞങ്ങളുടെ മനസ്സാക്ഷികൾ ശ്രേഷ്ഠമായിത്തീരുകയും ചെയ്യണമെ. ഞങ്ങളുടെ മണവാളൻ പൂർണ്ണനും മണവാട്ടി ശ്രേഷ്ഠയുമായിത്തീരണമേ. നിന്റെയും ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരായ സർവ്വ വിശുദ്ധന്മാരുടെയും കൂട്ടത്തിൽ അക്ഷയമായ സൗഭാഗ്യാവസ്ഥയിൽ ഞങ്ങൾ ആനന്ദിക്കുമാറാകണമേ. പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവമേ! നിന്റെ വിശുദ്ധന്മാരുടെ കൂട്ടത്തിലും നിന്റെ വത്സലന്മാരുടെ ഗണത്തിലും ചേർന്നുനിന്നുകൊണ്ട് ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ...........

### 51-ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം............

### എനിയോനൊ

(ബ്രീക്ക് ദ്ഹാദീ)

ധന്യൻ വിൺമൺവാസികളെ-സന്തോ-ഷിപ്പിച്ചോൻ
ഭക്തർക്കരുളുക കരുണാബ്ധേ!-മ്ശീ-ഹാ സന്തോഷം.

രക്ഷകനേ! വൈദികർ തിരുനാ-മത്തിൽ-നൽകീടും
മോതിരഭൂഷകളെസ്സദയം-വാഴ്ത്തു-ക + തൃക്കൈയ്യാൽ

മോതിരമരുളിത്തിരുസഭയെ-മ്ശീ-ഹാ-വേട്ടപ്പോൾ
പരിപാവനതനുരുധിരങ്ങൾ-കൈ-ക്കൊണ്ടാ-ളവളും

മോതിരമതിനാൽ കൊലയിന്നും താ-മാ-ർ രക്ഷിതയായ്
അതുപോൽ പാപവിമോചനമീ-ഞ-ങ്ങൾ-നേടട്ടെ.

ബാറെക്മോർ-ശൂബഹോ.............മെനഓലം............

മാനവർ വാനവർ വന്ദിച്ച്-വാ-ഴ്ത്തി-പ്പാടുന്ന
ത്രിത്വരഹസ്യം സംപൂജ്യം-താ-താത്മജറൂഹാ

### പ്രാർത്ഥന

പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവമേ! ആകാശത്തെയും ഭൂമിയെയും ഉയരത്തെയും ആഴത്തെയും സംയോജിപ്പിച്ചതായ നിന്റെ സമാധാനം ഇപ്പോൾ പരസ്പരം സമീപിച്ചിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരങ്ങളെ സംയോജിപ്പിക്കുകയും തന്മൂലം ആയുഷ്ക്കാലം മുഴുവൻ പരസ്പരം സ്നേഹിക്കുകയും സന്തോഷപൂർവ്വം അന്യോന്യം സ്വീകരിക്കുകയും ചെയ്യത്തക്കവണ്ണമുള്ള ഐകമത്യം ഇവരിൽ ഉണ്ടാവുകയും ചെയ്യണമേ. ഹോശോ......

### കുക്കിലിയോൻ 3-ാം രാഗം

നൽകുക നന്മൊഴി മാനസമേ! ഹാലേ....
സേവിക്കും ഞാനരചനെയെന്നുരചെയ്യും.
ശാസ്ത്രിവരൻ തൻതൂലികയെൻ രസന-ഹാ.......
മാനവരെക്കാളതു കമനീയം.
വർഷിച്ചാൻ കൃപ നിന്നധരത്തിൽ-ഹാ......
എന്നെന്നേയ്ക്കും നിന്നെ ദൈവം വാഴ്ത്തി.
വാളരയിൽ കെട്ടുക വീരാ!-ഹാ..........
വിജയിക്കും നിൻമാനമതും മഹിമാവും.

ബാറെക്മോർ-ശുബഹോ-മെനഓലം..........

### എക്ക്ബൊ

ഉപമകളാൽ-ശ്ലേമൂൻ ചൊ-ന്നാനേവം
ചാരുമുഖി!-പാരം നീ-ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻനാഥൻ-പതിനായിരമതിലുത്തമനാം
തൻപൂങ്കാവാണിസറായേൽ
ശുഭ്രൻ യാക്കോബിൻ ലതയിൽ
രക്തൻ നർദീൻ തൈലത്തിൽ
മൃദുലൻ ലബനോൻ കാരകിലിൽ
പാർക്കിലിവൻ-ദൈവസമൻ
വിശ്രുതനാമിവനെ-നാം വാ-ഴ്ത്തീ-ടുന്നു.

സ്തൗമെൻകാ.................

### പ്രുമിയോൻ

വിജാതീയ പുത്രിയെ തനിക്കു സഭയായി തെരഞ്ഞെടുത്ത് എല്ലാവിധ കളങ്കങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും തന്റെ വിജയ രക്തത്താൽ അവളെ വെടിപ്പാക്കുകയും ഭൗമികസഭയ്ക്കു വിവാഹനിശ്ചയം ചെയ്ത് താൻതന്നെ അവൾക്ക് വരനായിത്തീരുകയും അശുദ്ധ പിശാചുക്കളുടെ ദാസ്യത്തിൽനിന്ന് അവളെ രക്ഷിച്ച് സർവ്വവിധ കടങ്ങളിൽ നിന്നും പാപങ്ങളിൽനിന്നും സ്വാതന്ത്ര്യം നൽകുകയും ചെയ്ത സ്വർഗ്ഗീയ മണവാളനു സ്തുതി. തന്റെ സഭയുടെ വിവാഹ വിരുന്നിലേക്ക് എല്ലാ വിജാതികളെയും സ്വജാതികളെയും ദീർഘദർശിമാരെയും ശ്ലീഹന്മാരെയും സകല വംശങ്ങളെയും ക്ഷണിച്ചവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. തന്റെ ദാസരുടെ മോതിര വാഴ്വിന്റെ ഈ സമയത്തും........ബ്കുൽഹൂൻ.........

### സെദറാ

മനുഷ്യരുടെ സർവ്വവിജ്ഞാനത്തിൽ നിന്ന് ഉയർന്ന് അവയ്ക്കതീതനായിരിക്കുന്നവനും സദാ നന്മകളിൽ സമ്പന്നനും തിന്മകളിൽ നിന്ന് വിദൂരനും ദൈവികാനുഗ്രഹങ്ങളുടെ ഉറവയും ആയ ദൈവമേ! നീ അനശ്വരമായ വെടിപ്പുള്ള മൂറോനും അനാദ്യന്തമായ നിലയിൽ എല്ലാവിധ കഷ്ടതകൾക്കും മരണത്തിന്നും അതീതനുമാകുന്നു. തന്റെ സൃഷ്ടിയെ അലങ്കരിച്ച് ശ്രേഷ്ഠമാക്കുകയും കരുണയോടെ സഹായിക്കുകയും അതിന്റെ ശക്തിക്കു തക്കവണ്ണം നിന്നിലുള്ളതായ അതിന്റെ വിശ്വാസത്തെ മഹാമനസ്കതയോടെ അംഗീകരിക്കുകയും ചെയ്തവൻ നീയാകുന്നു. നിന്റെ വിശുദ്ധ സഭയ്ക്കു നശിച്ചു പോകാത്തവിധത്തിൽ നീ അനുഗ്രഹങ്ങൾ നൽകുകയും പരിമളവാസനകൊണ്ട് ദയവോടെ അതിനെ നിറയ്ക്കുകയും ചെയ്തു. നിന്റെ ദൈവികൈശ്വര്യങ്ങൾ കൊണ്ട് കുറവു വരാതിരിക്കുമാറ് നീ അതിനെ ഐശ്വര്യപ്പെടുത്തി. മഹത്വവസ്ത്രം നീ അതിനെ ധരിപ്പിച്ച് വെള്ളംകൊണ്ടും ആത്മാവുകൊണ്ടും അതിനു വിവാഹനിശ്ചയം നടത്തി. അതിനെ നിനക്കു വധുവാക്കിത്തീർക്കുകയും ശത്രുവിന്റെ തലയിൽ ശക്തിയോടെ

ചവിട്ടുകയും ചെയ്തു. ജയകരമായ നിന്റെ ശരീരരക്തങ്ങൾ അതിന് മോതിരമായിട്ട് വെടിപ്പോടെ നീ നൽകി. അതിനെ നീ സന്തോഷിപ്പിച്ച് നിന്റെ യോഗ്യതയേറിയ പ്രകാശത്താൽ മഹിമയോടെ പ്രകാശിപ്പിച്ചു. ദൈവികമായി നീ അതിന് നൽകിയ നൽവരത്താൽ നിന്റെ കൂടെ അതിനെ വസിപ്പിച്ചു. പരിശുദ്ധ ശ്ലീഹന്മാർ മൂലം ക്രമമായി അതിനു നീ പൂർണ്ണത നൽകുകയും ചെയ്തു. ഭാര്യാഭർത്താക്കന്മാരുടെ സന്തോഷം മോതിരങ്ങളാൽ പൂർത്തീകരിക്കപ്പെടുകയും വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്നവരുടെ ആനന്ദം മോതിരങ്ങളിൽകൂടി ഏകീകരിക്കപ്പെടുകയും ചെയ്യണമെന്ന് നിശ്ചയിച്ചവൻ നീയാകുന്നു! ദൈവമായ കർത്താവേ! ഇപ്പോൾ നിന്റെ ബലഹീന ദാസരായ ഞങ്ങൾ ആശീർവദിച്ചിരിക്കുന്ന ഈ മോതിരങ്ങളെ നീ സന്തോഷപൂർവ്വം അനുഗ്രഹിക്കണമേ + ഈ മോതിരങ്ങളെ നീ അനുഗ്രഹിക്കുകയും + ശാപമായിരുന്നത് ഇതിനാൽ വിശുദ്ധമായിത്തീരുവാൻ സംഗതിയാക്കുകയും ചെയ്യണമേ എന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! നിന്റെ വിശുദ്ധ സഭയുടെ മോതിരത്തെ നീ അനുഗ്രഹിച്ചതുപോലെ നിന്റെ ദൈവികാനുഗ്രഹങ്ങളാൽ ഈ മോതിരങ്ങളെയും അനുഗ്രഹിക്കണമേ + ദൈവമായ കർത്താവേ! ഞങ്ങളുടെ പുത്രനായ ഈ മണവാളനും പുത്രിയായ ഈ മണവാട്ടിയും ജ്ഞാന സമ്പൂർണ്ണരും നിറവുള്ളവരും ആയിത്തീരുവാൻ ഇടയാക്കണമേ. കർത്താവേ! ഇവരുടെ വിവാഹം സകല മാലിന്യങ്ങളിൽനിന്നും മ്ലേച്ഛതകളിൽ നിന്നും അകന്നിരിക്കുവാൻ കൃപയോടെ നീ സംഗതിയാക്കണമേ. ദൈവമായ കർത്താവേ! ഇഹത്തിലും പരത്തിലും അഭംഗമായി ഇവരെ നീ സന്തോഷിപ്പിക്കുമാറാകണമേ. നശ്വരമായ ഈ മണവറയിൽ ഇവരുടെ ആയുഷ്കാലം മുഴുവനും വിവിധ തരത്തിൽ ഇവരെ അലങ്കരിക്കുകയും ഈറേന്മാരും മാലാഖമാരും ഇടവിടാതെ സന്തോഷിച്ചുകൊണ്ടിരിക്കുന്ന ആ സ്വർഗ്ഗീയ മണവറയിലേക്ക് കരുണയോടെ ഇവരെ ആനയിക്കുകയും ചെയ്യണമെ. കർത്താവേ! തിരുമുമ്പാകെ സന്നിഹിതരായിരിക്കുന്ന ഈ ജനക്കൂട്ടത്തെയും പാപങ്ങളിൽനിന്നും മ്ലേച്ഛതകളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും പ്രമാദങ്ങളിൽ നിന്നും സ്നേഹത്തോടെ നീ സ്വതന്ത്രരാക്കിക്കൊള്ളണമെ. ഇവർ നിന്നാൽ അനുഗ്രഹിക്കപ്പെടുകയും നിന്നെ വാഴ്ത്തുകയും തിരുമുമ്പാകെ നിന്ന് ഇടവിടാതെ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധറൂഹായെയും സ്തുതിക്കുകയും ചെയ്യുമാറാകണമെ. ഹോശോ.........

### കോലോ

(ഏനോനൊ നൂഹറൊ)

പതിവ്രതയാം-പരിപാവന സഭയെ
വാനോ-ൻ കാന്തൻ-വേട്ടൊരുനേ-രം
ശീമോൻ യോ-ഹന്നാനെന്നിവരേ-
യാഹ്വാ-നം ചെ-യ്തേൽപ്പിച്ചേ-വം
വീടിൻ-ഭരണം-ശീ-മോ-നെ
സുവിശേ-ഷം യോഹ-ന്നാനെ
കൽപ്പി-ച്ചാൻ വിലയേ-റീ-ടും
ര-ക്ത-ത്താൽ ഞാൻ വാങ്ങിയൊരി-
സ്സഭയെ നിങ്ങൾ-സംരക്ഷി-പ്പിൻ

എൻപേർക്കായ്-ദൈവമൊരുക്കി വിരു-
ന്നെന്നാ സതിയാം സഭയാർക്കു-ന്നു.
സ്പർശിക്കി-ല്ലെൻബലിവേദിയിലെ
ബലിയാമുറ്റൻ-കുറ്റനെയ-ന്യൻ

നിന്ന-ന്തികമാർന്നീ-ടു-ന്നോൻ
സ്നാനം-പ്രാപിച്ചീ-ടാ-തെ
നമ്മൾ-ക്കുള്ള രഹ-സ്യ-ങ്ങൾ
കാ-ണ്മാ-നിടയായീടരുതെ-
ന്നെന്നോടൂടയോ-നരുളിച്ചെ-യ്താൻ

ബാറെക്മോർ-ശുബഹോ.......

മൂടുപടം-വടി മോതിരമിവയാൽ
താമാർ വിജയം-സമ്പാദി-ച്ചു
പൊക്കണവും-കല്ലും കവിണയുമായ്
വെന്നാൻ ഗോല്യാ-ത്തിനെ ദാവീ-ദും
താമാർ-ഉത്തമയായ് മൂ-ന്നാൽ
ദാവീ-ദുന്നതനാ-യ് മൂ-ന്നാൽ
സംര-ക്ഷകനാം ത്രിത്വ-ത്തെ
വി-ശ്വാ-സിനി പാവന സഭയാൾ
സ്തുതി ഗീതത്താൽ-കീർത്തിക്കു-ന്നു.

മെനയാലം............

വിശ്വസ്തേ! സഭയേ! ഭയമെന്തി-
ന്നുള്ളിൽ ക്ലേശം-ലേശം വേ-ണ്ടാ
അപരനെ നീ-മോഹിക്കാത്തതിനാൽ
നിന്നെ ഞാനും-കൈവെടികില്ല
ലോക-ത്തിന്നവസാ-ന-ത്തിൽ
പാരും-വാനുമഴി-ഞ്ഞാലും
വാഴും-നീയാപ-ത്തെ-ന്യേ
താ-താ-ത്മജ-വിമലാത്മാവിൻ
ഗേഹം പാർത്താ-ൽ നിൻ ത്രോണോ-സാം

മൊറിയൊ.........

എത്രോ

വ്രതനിഷ്ഠയും വെടിപ്പുമുള്ള ആത്മാക്കളെ തനിക്കായി വിവാഹനിശ്ചയം ചെയ്യുന്ന സാക്ഷാൽ സത്യമണവാളനായുള്ളോവേ! തിരുമുമ്പാകെ നില്ക്കുന്ന ബലഹീനരായ ഞങ്ങളുടെ മാദ്ധ്യസ്ഥംമൂലം പരസ്പരം വിവാഹനിശ്ചയം ചെയ്യപ്പെടുകയും തങ്ങളുടെ മണവാളത്വത്തിന്റെ മദ്ധ്യസ്ഥനായി നിന്നെ അംഗീകരിക്കുകയും ചെയ്തിരിക്കുന്ന ഈ ദാസരിൽ നിന്ന് സുകൃത നടപടികളാകുന്ന മധുരപരിമളം വീശുവാൻ നീ ഇവരെ യോഗ്യരാക്കണമെ. ആത്മാർത്ഥമായ സ്നേഹവും യോജിപ്പും ശാന്തതയും വികാരഭരിതമല്ലാത്ത ഐക്യവും ഇവരിൽ ഉണ്ടാകുമാറാകണമെ. ആത്മാവിലും ശരീരത്തിലും പരസ്പരം നിർമ്മലത സംരക്ഷിക്കുവാൻ ഇവർക്ക് ശക്തി നൽകണമെ. ഇവർ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ. ഹോദശോ..........

(ശുശ്രൂഷക്കാരൻ മോതിരം എടുത്തു കൈയ്യിൽ പിടിക്കുന്നു.)

പ്രാർത്ഥന

പട്ടക്കാരൻ:- തന്റെ കരുണയാലും ബഹുലമായ കൃപയാലും ഈ മോതിരങ്ങളെ ആശീർവദിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

(പട്ടക്കാരൻ മോതിരങ്ങളുടെമേൽ വലതുകൈ ആവസിപ്പിച്ചുകൊണ്ട്)

വിശുദ്ധ സഭാസന്താനങ്ങളുടെ സന്തോഷപൂർത്തിക്കായി പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള പരിശുദ്ധറൂഹായുടെയും + നാമത്തിൽ ഈ മോതിരങ്ങൾ ആശീർവദിക്കപ്പെട്ടിരിക്കുന്നു.

(മണവാളന് മോതിരം നൽകിക്കൊണ്ട്)

പട്ടക്കാരൻ:- നമ്മുടെ കർത്താവായ യേശുമിശിഹായുടെ വല ത്തുകൈ കരുണയോടെ നിങ്കലേക്കു നീട്ടപ്പെടുകയും നിന്റെ വിവാഹനിശ്ചയത്തിനുള്ള ഈ മോതിരത്തോടു കൂടെ അവിടുത്തെ കൃപയും അനുഗ്രഹവും നിനക്കു ലഭിക്കുകയും ചെയ്യട്ടെ. കൃപ നിറഞ്ഞതും അനുഗ്രഹപ്രദ വുമായ ഈ വലങ്കൈ ആയുഷ്ക്കാലം മുഴുവൻ നിന്നോടു കൂടെ ഉണ്ടായിരുന്ന് നിന്നെ കാത്തുകൊള്ളുകയും ചെയ്യു മാറാകട്ടെ.

(മണവാട്ടിക്കു മോതിരം നൽകിക്കൊണ്ട്)

പട്ടക്കാരൻ:- നമ്മുടെ കർത്താവായ യേശുമിശിഹായുടെ അനുഗ്രഹപൂർണ്ണമായ വലതുകൈ അദൃശ്യമായി നിങ്ക ലേക്ക് നീട്ടപ്പെടുകയും വി. ശ്ലീഹന്മാരിൽ നിന്നെന്നപോലെ ആചാര്യന്മാരുടെ കൈകളിൽ നിന്ന് നിന്റെ വിവാഹനിശ്ച യത്തിനുള്ള ഈ മോതിരം നീ പ്രാപിക്കുകയും ചെയ്യട്ടെ. ആത്മശരീരങ്ങളുടെ സ്വസ്ഥതയോടും ഹൃദയസന്തോഷ ത്തോടുംകൂടെ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും നീ സ്തുതി കരേറ്റുകയും ചെയ്യുമാറാകട്ടെ.

ഹോശോ........

പ്രാർത്ഥന

പട്ടക്കാരൻ:- വിശുദ്ധ സഭയുടെ സന്തോഷത്തെ തന്റെ മശി ഹാമൂലം പൂർത്തീകരിച്ച ദൈവമായ കർത്താവ് പര സ്പരം വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന ഈ നമ്മുടെ മക്കളെ സത്യത്തിലും നീതിയിലും സംപൂർണ്ണരാക്കു കയും ഇവർ ധരിച്ചിരിക്കുന്ന ഈ മോതിരങ്ങളോടുകൂടെ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ ഇവർക്ക് നൽകുകയും പരിപാ കതയാൽ ഇവരെ അലങ്കരിക്കുകയും വിനയത്താൽ ഇവരെ ശ്രേഷ്ഠരാക്കുകയും ചെയ്യട്ടെ. ഇസഹാക്കിന്റെയും റിബേ ക്കായുടെയും വിവാഹനിശ്ചയത്തെ സ്വർണ്ണാഭരണങ്ങളാൽ പൂർത്തിയാക്കിയതുപോലെ ഇവരെ നീതിയാകുന്ന മോതി രങ്ങൾകൊണ്ട് പൂർണ്ണരാക്കട്ടെ. മണവാളനെ തന്റെ രക്ഷ യാൽ ആനന്ദിപ്പിക്കുകയും മണവാട്ടിയെ ശാശ്വതവും അക്ഷയവുമായ മനോഹരഭൂഷണങ്ങളാൽ അലങ്കരിക്കുകയും ചെയ്യുമാറാകട്ടെ. സ്വർണ്ണാഭരണങ്ങൾ കൊണ്ടുള്ള അലങ്കാ രങ്ങളെക്കാൾ മഹിമയേറിയ വെടിപ്പിൻ മുദ്രകൊണ്ട് ഇവർ അലങ്കരിക്കപ്പെടുമാറാകട്ടെ. ഇവരുടെ ഈ അന്യോന്യബ ന്ധവും ചേർച്ചയും തന്റെ പ്രീതിക്കും യോഗ്യമായ വിധത്തി ലുള്ള സ്വഭാവവളർച്ചയ്ക്കും ഉതകുവാൻ ദൈവമായ കർത്താവ് സംഗതിയാക്കട്ടെ. സകല കപട സ്നേഹത്തെയും ഇവരിൽനിന്ന് നീക്കിക്കളയുകയും അന്യോന്യം സ്നേഹിപ്പാ നായി സ്നേഹാഗ്നികൊണ്ട് ഇവരുടെ ഹൃദയങ്ങളെ ഉജ്ജ്വ ലിപ്പിക്കുകയും ചെയ്യട്ടെ. അക്ഷയമായ സൗന്ദര്യംകൊണ്ട് ഇവരെ അലങ്കരിക്കുമാറാകട്ടെ. സുരഭിലങ്ങളായ ശുശാനാ പുഷ്പങ്ങളെക്കാൾ സൗരഭ്യമേറിയ പരിപാകതയാൽ ഇവ രുടെ മനഃസ്സാക്ഷിയെ നയിക്കുവാൻ സംഗതിയാക്കട്ടെ. മനു ഷ്യവർഗ്ഗത്തെ വിദ്വേഷിക്കുന്ന അസൂയാലുക്കളായ ദുഷ്ട മനു ഷ്യരുടെ കൈകളിൽനിന്ന് ദൈവം ഇവരെ സംരക്ഷിച്ചുകൊ ള്ളട്ടെ. പാവനമായ വിവാഹത്തിന്റെ നിർമ്മല മാർഗ്ഗത്തെ വഷ ളാക്കുന്ന ദുഷ്ടാത്മാക്കളിൽനിന്ന് ഇവരെ കാത്തുകൊള്ളു കയും ചെയ്യട്ടെ. കർത്താവ് തന്റെ സന്നിധിയിൽനിന്ന് നല്ല കാലങ്ങളും അനുഗ്രഹ സംപൂർണ്ണമായ സംവത്സരങ്ങളും ഇവർക്ക് നൽകുമാറാകട്ടെ.

(പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞ്)

ദൈവമായ കർത്താവേ! നിന്റെ മഹിമയുടെ മുമ്പാകെ നിൽക്കുന്ന ബലഹീനരും പാപികളുമായ ദാസരാകുന്ന ഞങ്ങളുടെ പ്രാർത്ഥനകളെ നീ കേൾക്കണമേ. ഇവർക്ക് അനുഗ്രഹീത സന്താനങ്ങളെയും സൗഭാഗ്യ കാലങ്ങളെയും നൽകണമെ. സൽപ്രവൃത്തികളാകുന്ന സമ്പാദ്യം ഇവർക്ക് വർദ്ധിപ്പിക്കണമെ. നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തിക്കൊള്ളണമെ. അതിൽ തന്നെ സദാ സ്ഥിതിചെയ്യുവാനും ഇവരുടെ മക്കൾക്കും അതിനെ അവകാശമായി നൽകുവാനും കൃപ ചെയ്യണമെ. ഈ വിരുന്നിനായി ഒരുങ്ങി വന്നിരിക്കുന്നവർക്ക് നിന്റെ കരുണകളും അനുഗ്രഹങ്ങളും സമൃദ്ധിയായി നൽകണമെ. നിന്റെ വിജയ സ്ലീബായാൽ ഈ മണവാളനെയും മണവാട്ടിയെയും കാത്തുകൊള്ളണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ! ഞങ്ങളെല്ലാവരുടെ മേലും നിന്റെ കരുണകൾ വർഷിക്കുകയും ചെയ്യണമെ.

ഹോശോ.................

(സൂഗീസൊ-ഒമറൊ ഈദസ് ക്കൂദ്ശൊ)

(സഭയാം തിരുസഭയാ-മീ-ഞാൻ
അത്യുന്നതനുടെ മ-ണവാ-ട്ടി
പാവനസഭ ചൊന്നീ-ടു-ന്നു
എൻ വരനേവൻ ഞാ-ൻ ധ-ന്യ
വന്ദിക്കുന്നേൻ വ-ന്നെ-ന്നെ
വേട്ടൊരു മണവാളൻ ത-ന്നെ)
പ്രിയനെന്നെ വേട്ടൊ-രു നാ-ളിൽ
സത്വരമുന്നതി ഞാൻ പൂ-ണ്ടു
സൃഷ്ടികളതിലതിശ-യമാ-ണ്ടു
മഹിമയണിഞ്ഞോൾ ഞാ-ൻ ധ-ന്യ

സ്നേഹിതരൊത്താന-ന്ദി-പ്പാൻ
മേൽമണവറയവനു-ണ്ടാ-ക്കി
എൻമണവാളനെയ-തിനു-ള്ളിൽ
സ്തുതിചെയ്യുമ്പോൾ ഞാ-ൻ ധ-ന്യ
വിഗ്രഹമദ്ധ്യത്തീ-ന്നെ-ന്നെ
കൂട്ടി രഹസ്യങ്ങൾ കാ-ട്ടി
ലോകാന്ത്യംവരെ നിൻ-കൂ-ടെ
ഞാനുണ്ടെന്നെന്നൊടു ചൊ-ന്നാൻ.
രാജതനൂജൻ താ-തൻ-തൻ
നിലയത്തിൽ നിന്നീ-ഭാ-ഗ്യം
നിഖിലമെനിക്കരുളു-കയാ-ലെ
ഞാനവനെ വന്ദി-ക്കു-ന്നു.
ബിംബാരാധനയാ-ലെ-ന്നെ
വീഴ്ത്തിയ ദുഷ്ടനു ഹാ! നാ-ശം
രക്ഷകനാമീശോ-സ്തോ-ത്രം
സംരക്ഷിതയാം ഞാ-ൻ ധ-ന്യ
(എന്നെ മാമോദീ-സാ-യാൽ
ആത്മീയായുധ മണിയി-ച്ചാൻ
വിരലിന്മേൽ മെയ് ര-ക്ത-ങ്ങൾ
മോതിരമായെൻ പേ-ർക്കേ-കി.)
പകലോനു സമൻ മ-ണവാ-ളൻ
പകലിന്നൊത്തോൾ മ-ണവാ-ട്ടി.
മോഹന പരിമള വൃ-ക്ഷ-ത്തോ-
ടൊപ്പം ഭോജന സ-ല്ക്കാ-രം.
എൻപ്രിയ ചരിതം കേ-ട്ട-പ്പോൾ
എന്നിലെരിഞ്ഞനുരാ-ഗാ-ഗ്നി
അവനെ ദർശിക്കും-മു-മ്പേ
ഏറ്റു പറഞ്ഞോൾ ഞാ-ൻ ധ-ന്യ

കരയും കടലും ഞാ-ൻ ചു-റ്റി
ചൊന്നില്ലെങ്ങവനെ-ന്നാ-രും
ഞാൻ ബേതലഹേമിൽ-തേ-ടി
മിസറേമിനു പോയാനെന്നാ-ർ.
ഞാനാനന്ദത്തോ-ടെ-ത്തി
പിന്നാലേ മിസറേം-നാ-ട്ടിൽ
ഗ്ലീലാനാട്ടിലെ ന-സറേ-ത്തിൽ
പോയെന്നവരെന്നോ-ടോ-തി.
അവനെയനുയാനം-ചെയ്തേൻ
ഞാൻ നസറേത്തിൽ ചെന്നപ്പോൾ
യോർദ്ദാൻ നദിയിങ്കൽ-പോ-യാ
നെന്നെന്നോടു ജനം-ചൊ-ന്നു.
ദുർഗ്ഗമമാർഗ്ഗങ്ങ-ളിലൂ-ടെ
ചോരന്മാരെ കൂ-സാ-തെ
യോർദ്ദാൻ നദിയിങ്കൽ-ഞാൻ-ചെ-
ന്നവനേ ജനമദ്ധ്യേ-തേ-ടി.
നിദ്രവെടിഞ്ഞു വല-ഞ്ഞോ-ൾ ഞാൻ
മങ്ങിമയങ്ങിയുണ-ർന്ന-പ്പോൾ
നിന്നെ വിളിച്ചു വിരു-ന്നി-ന്നായ്
പ്രിയനെന്നവരെന്നോ-ടോ-തി.
പ്രിയനെ വിരുന്നിൽ കാ-ണ്മാ-ൻ ഞാൻ
ചെന്നങ്ങുള്ളിലണ-ഞ്ഞപ്പോ-ൾ
പാനം ചെയ്വാൻ തോ-ഴ-ന്മാർ
ഭാവം മാറ്റിയ വീ-ഞ്ഞേ-കി.
മണവാളനൊടൊപ്പം-ചേ-ർന്നു
ചൊല്ലുകയായ് തോഴ-ന്മാ-രും
ആരെ നീയാരാ-യു-ന്നു
നിൻ കാന്തൻ മരുവിൽ-പോ-യി.

അനുരാഗ സുഗന്ധം-വീ-ശി
വദനപ്രഭയൊടു മോ-ദി-ച്ചേൻ
അവനെ ശൂന്യാര-ണ്യ-ത്തിൽ
ജനമദ്ധ്യേ ഞാനാ-രാ-ഞ്ഞു.
കൂട്ടത്തിലൊരുത്തൻ-ചൊ-ന്നാൻ
ചെവിചായിച്ചേവം-കേ-ട്ടേൻ
ഈ നിർമ്മലയുടെ മ-ണവാ-ളൻ
ക്രൂശിതനായ് ഗോഗു-ൽത്താ-യിൽ
സങ്കടമൊടു നിലവി-ളി കൂ-ട്ടി
സീയോനിൽ ഞാൻ ചെ-ന്ന-പ്പോൾ
കബറതിലവനെ യൂ-ദ-ന്മാർ
വച്ചെന്നവരെന്നോ-ടോ-തി.
തരുവിന്മേലെൻ ത-ലതാ-ങ്ങി
തേങ്ങിത്തേങ്ങിക്കേ-ണേൻ-ഞാൻ
കബറീന്നുത്ഥാനം-ചെ-യ്താൻ
കരയരുതെന്നോതി-ദൂ-തൻ
പ്രിയനാദത്താൽ മോ-ദി-ച്ചേൻ
തെളിവോടെൻ വദനം-മി-ന്നി
അവനെത്തഴുകിച്ചും-ബി-ച്ചേൻ
എന്നോടമ്പൊടു ചൊ-ന്നേ-വം.
സ്കീപ്പായാൽ ഞാൻ വേ-ട്ടോ-ളാം
സുമുഖി! സ്വാഗതമോ-തു-ന്നേൻ
താതനികേതം ഞാ-ൻ പൂകി
വിട്ടീടാം ഞാൻ റൂ-ഹാ-യെ.

### ഹൂത്തോമോ

ദൈവത്താൽ നീതീകരിക്കപ്പെട്ട ഈ സാക്ഷ്യത്തിനായി ഒരുങ്ങി വന്നിരിക്കുന്ന വിശ്വാസികളേ! നിങ്ങളുടെ ബുദ്ധിമുട്ടിന് മുപ്പതും അറുപതും നൂറും ഇരട്ടിയായി അവിടുന്ന് പ്രതിഫലം നൽകുമാറാകട്ടെ. എപ്പോഴും നിങ്ങൾക്ക് നന്മകൾ നൽകുമാറാകട്ടെ. നമ്മുടെ കർത്താവിന്റെ സ്ലീബാ രാവും പകലും നിങ്ങളോടുകൂടെ സ്ഥിതിചെയ്ത് ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും നിങ്ങളെ കാത്തുകൊള്ളുകയും ചെയ്യട്ടെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി.

(മോതിരം വാഴ്വിന്റെ ശുശ്രൂഷ സമാപ്തി.)

# രണ്ടാം ശുശ്രൂഷ

## കിരീടം വാഴ്വിന്റെ ക്രമം

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ! അനശ്വരമായ വിരുന്നിനും അഴിവില്ലാത്ത മണവറയ്ക്കും ഞങ്ങളെ യോഗ്യരാക്കണമേ. ആ വിരുന്നിലേക്കു ക്ഷണിക്കപ്പെട്ടിരിക്കുന്ന അതിഥികളോടു കൂടെ നിന്റെ നിത്യമായ സന്തോഷങ്ങളിലേക്കു ഞങ്ങളെയും ക്ഷണിക്കണമെ. അവരുടെ കൂട്ടത്തിലും ഇടയിലും നിന്നുകൊണ്ട് ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ.

ഹോശോ.................

### 51-ാം മസുമൂർ

ദൈവമേ നിന്റെ കൃപയിൻ പ്രകാരം.............

### എനിയോനൊ

(ആലോഹൊ ദ്ബാറെക്ക്)

ആദിമനീതി-ജ്ഞരെ വാഴ്ത്തിയ
ദൈവം-തൻ ബഹുകൃപയാ-ലീ
ദാസരെ വാഴ്ത്ത-ട്ടെ + ദേവാ! ദയചെയ്തീടണമേ

ഹവ്വയൊടാദാ-മിനെ വാഴ്ത്തിയ ദൈവം തൻ.......
സാറയൊടബ്രഹാ-മിനെ വാഴ്ത്തിയ........
റഫ്ക്കയൊടിസഹാ-ക്കിനെ വാഴ്ത്തിയ.......
റാഹേലൊടുയാക്കോ-ബിനെ വാഴ്ത്തിയ.......

ബാറെക്മോർ-ശുബഹോ........മെനഓലം..

മെസ്രേനിൽ യൌസേ-പ്പിനെ വാഴ്ത്തിയ........

### പ്രാർത്ഥന

കർത്താവേ! പരസ്പരം ബന്ധിതരായിരിക്കുന്ന ഈ ദാസരെ നിന്റെ നൽവരങ്ങളുടെ ഐശ്വര്യത്താൽ ശ്രേഷ്ഠരാക്കുകയും നിന്റെ ദാനങ്ങളാൽ സന്തോഷിപ്പിക്കുകയും ചെയ്യണമെ. നിന്റെ ദിവ്യകല്പനകളിൽ നിന്നുള്ള ആനന്ദം കൊണ്ട് ഇവരെ നിറയ്ക്കണമെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ! സന്തോഷോല്ലാസങ്ങളോടുകൂടെ ഇവർ നിനക്ക് സ്തുതി പാടുകയും തിരുസന്നിധിയിൽ ആഹ്ലാദിക്കുകയും ചെയ്യുമാറാകണമെ....ഹോശോ....

### കുക്കിലിയോൻ 7-ാം രാഗം

മോദിക്കട്ടെ പരം നാഥാ!-ഹാ-ഉ-ഹാ........
നിൻ ശക്തിയിലും രക്ഷ-യിലും നൃപതി.
തന്നഭിലാഷം നീ നിറവേറ്റി-ഹാ.....
നിജയാചന നിരസി-ച്ചില്ലേതും.
നല്ല വരം നീ മുമ്പേറവനേകി-ഹാ....
മഹിമാവിൻ മുടിചൂ-ടി തലയിൽ
നിന്നൊടു ജീവൻ യാചിച്ചാൻ-ഹാ.......
ദീർഘായുസ്സെന്നേ-ക്കും നൽകി.

ബാറെക്മോർ-ശുബഹോ-മെനഓലം....

### എക്ക്ബൊ

(യൌമ്മോനൊ)

മണവറയെ-മേ-ൽ, സ്വർഗ്ഗത്തിൽ-
സഭയേ! നിൻ കാന്തൻ-സ്ഥാപിച്ചാൻ
വാഗ്ദത്തംപോൽ, സ്വർഗ്ഗേമേവും
ശുൽത്തോനന്മാർ, ഹൈലേയർക്കോ-
സ്സിവരെക്കാൾ നിന്നെ-മേലാക്കി. സ്തൗമൻകാ..

### പ്രുമിയോൻ

ഉണ്ടായിരുന്നവനും ഇപ്പോഴുള്ളവനും എന്നെന്നേക്കും നിലനില്ക്കുന്നവനുമായ സ്വയംഭൂവും, മാലാഖമാർ തന്റെ സിംഹാസനത്തിനു ചുറ്റും നിന്നുകൊണ്ട് തനിക്ക് ആരാധന അണയ്ക്കുന്ന അനാദ്യന്ത വചനവും, തന്റെ ബഹുലമായ കരുണനിമിത്തം ഞങ്ങളെല്ലാവരുടെയും മേൽ ദയതോന്നി തിരുസന്നിധിയിലേക്ക് ഞങ്ങളെ തിരികെ വരുത്തുകയും തന്നിൽ നിന്ന് അന്യമായിപ്പോയിരുന്ന ഞങ്ങളുടെ പ്രകൃതത്തെ സ്നേഹപൂർവ്വം തന്നോട് സമീപിപ്പിക്കുകയും ചെയ്ത മഹോന്നതനും, ഏതൊരു തത്വജ്ഞാനിക്കും താർക്കികനും തന്റെ തത്വത്തെ ആരാധിക്കുവാനല്ലാതെ പരിശോധിക്കുവാനോ ആരാഞ്ഞറിയുവാനോ കഴിവില്ലാതിരിക്കുന്നവനും, അധികാരികൾക്ക് കിരീടം നിർമ്മിക്കുന്നവനും, തന്നാൽ അഴിക്കപ്പെടുന്നതെല്ലാം അഴിക്കപ്പെട്ടും ബന്ധിക്കപ്പെടുന്ന സകലതും ബന്ധിതമായും ഇരിക്കുന്നവനും, തന്റെ വല്ലഭത്വത്തിന്റെ മഹിമയ്ക്കായി മണവാളന്മാർക്കും മണവാട്ടികൾക്കും സന്തോഷ കിരീടങ്ങളെ പ്രദാനം ചെയ്യുന്നവനും ആയ കർത്താവിന് സ്തുതി. അവിടുത്തെ ദാസരുടെ കിരീടങ്ങൾ ആശീർവദിക്കപ്പെടുന്ന ഈ സമയത്തും...........ബ്കുൽഹുൻ.....

### സെദറാ

സകല സ്വർഗ്ഗീയ സേനകളും ഭയന്നുവിറച്ചുകൊണ്ട് മഹത്വപ്പെടുത്തുകയും മഹോന്നതങ്ങളിൽ അഗ്നിമയന്മാരുടെ കൂട്ടങ്ങൾ തന്റെ ശ്രേഷ്ഠതയിങ്കൽ പരിഭ്രമിച്ച് ചഞ്ചലപ്പെടുകയും ചെയ്യുന്ന ദൈവമായ കർത്താവേ! അവർണ്യമായ നിന്റെ കൃപാപ്രവാഹത്താലും നിസ്സീമമായ നിന്റെ ദയയാലും നിസ്സാരന്മാരായ ഞങ്ങളുടെ സ്തോത്രങ്ങളിൽ

നീ സന്തോഷിക്കുകയും എളിയവരും മണ്മയരുമായ ഞങ്ങ ളുടെ ശുശ്രൂഷകളിൽ നീ പ്രീതിപ്പെടുകയും ചെയ്യുന്നു. ഞങ്ങൾക്കാവശ്യമുള്ളവ നിന്നോട് യാചിച്ചുകൊള്ളുവാൻ നീ ഞങ്ങളോടാവശ്യപ്പെടുന്നു. കൃപാദാനങ്ങളിൽ നീ തിടു ക്കമുള്ളവനാകുന്നു. ശിക്ഷാർഹന്മാരോടുള്ള പ്രതികാര ത്തിൽ നീ ഉദാസീനതയും ദീർഘക്ഷമയും കാണിക്കുന്നു. കർത്താവേ! എല്ലാ ദേശങ്ങളിലും സഞ്ചരിക്കുന്നവരും നിന്റെ ശ്രേഷ്ഠാധികാരത്തിന് വിധേയരായി വസിക്കുന്നവ രുമായ നിന്റെ ദാസരെയും പ്രത്യേകിച്ച് ഇവിടെ സന്നിഹി തരായി നിന്റെ കരുണയുടെ നിഴലിലും ദയവിന്റെ തണ ലിലും അഭയം പ്രാപിച്ചിരിക്കുന്ന ഇവരെയും അനുഗ്രഹി ക്കണമെ. സകല പ്രവൃത്തികളിലും ഉത്തമരായിരിപ്പാൻ തക്കവണ്ണം ഇവർക്ക് സ്വസ്ഥതയും രക്ഷയും നൽകി ഇവരെ സന്തോഷിപ്പിക്കണമെ. നിന്റെ സത്യത്തിൽ തന്നെ ചരിക്കു വാൻ തക്കവണ്ണം നിന്റെ ന്യായപ്രമാണമാർഗ്ഗത്തിൽ ഇവരെ കാത്തു നയിച്ചുകൊള്ളണമെ. സ്വർഗ്ഗരാജ്യത്തിലേക്ക് നയി ക്കുന്ന നേർവഴിയിൽകൂടി പ്രയാണം ചെയ്യുവാൻ ഇവർക്ക് കൃപ നൽകണമെ. ആത്മീയ നൽവരങ്ങളിൽ തൽപരരും ആത്മശരീരങ്ങൾക്ക് പ്രയോജനകരമായ ദൈവിക വ്യാപാ രങ്ങളിൽ ഏർപ്പെട്ട് ലാഭമുണ്ടാക്കുന്നവരും ആയിത്തീരു വാൻ ഇവർക്ക് സംഗതിയാക്കണമെ. കർത്താവേ! ഇവർ നിത്യജീവനെ കാംക്ഷിക്കുന്നവരും പാപമരണമുള്ളവരിൽ നിന്ന് വിദൂരസ്ഥരുമായി വർത്തിക്കുമാറാകണമെ. നിന്റെ പരിശുദ്ധതയുടെ ഭാഗത്തേക്ക് അടുത്തുവരുവാനും ശപിക്കപ്പെട്ടവനായ സാത്താന്റെ ദാസ്യത്തിൽനിന്ന് ഓടി രക്ഷപെടുവാനും തക്കവണ്ണം ഇവരുടെ ഹൃദയ ങ്ങളെ സംയോജിപ്പിച്ചുകൊള്ളണമെ. ഞങ്ങളെയും ഇവരെയും നിന്റെ ആത്മീയ മുന്തിരിത്തോപ്പിൽ നീതി പ്രവർത്തിക്കുന്ന വേലക്കാരും നിന്നോടുള്ള ഭക്തിയിലും നിന്റെ കൽപനകളുടെ ആചരണത്തിലും തീക്ഷ്ണതയു ള്ളവരും ആക്കിത്തീർക്കണമെ. കർത്താവേ! ഞങ്ങളെ നിന്റെ വിശുദ്ധന്മാരുടെ കൂട്ടങ്ങൾക്ക് സദൃശരും പരസ്പരം സ്നേഹിക്കുന്നവരും ദുഷ്ടനെ വെറുക്കുന്നവരും നിന്റെ ദൈവത്വത്തെ അനുസരിക്കുന്നവരും ശത്രുക്കളെ അനുഗ്ര ഹിക്കുന്നവരും ആക്കിത്തീർക്കണമെ. കർത്താവേ! ഞങ്ങൾ നിന്റെ ശ്രേഷ്ഠതയെ ആരാധിക്കുന്നവരും നിന്റെ കർത്തൃ ത്വത്തെ പ്രീതിപ്പെടുത്തുന്നവരും ആയിത്തീരുമാറാകണമെ. ദൈവമായ കർത്താവേ! വിശ്വാസികളായ ഞങ്ങളുടെ മരി ച്ചവരെ ആശ്വസിപ്പിക്കുകയും സ്വർഗ്ഗരാജ്യത്തിൽ അവരെ ആനന്ദിപ്പിക്കുകയും ചെയ്യണമെ. നീ ഉത്തമനും മനുഷ്യ പ്രീതിയുള്ളവനും ആകുന്നുവല്ലോ. നിനക്കും നിന്റെ പിതാ വിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു.

ഹോശോ..........

**കോലൊ**

(കുക്കോയൊ)

സുന്ദരികളിലതി സുന്ദരി നീ-ജാതികളിൽ സു-നു!
നൃപതി ശലോമോൻ വിമലസഭേ-നിന്നെ ലാളിപ്പൂ
നിന്നധരങ്ങൾ-മധു വർഷിക്കുന്നു.
വസന സുഗന്ധം-നീസാൻ കുസുമസമം
സഭയേ! സകലവിധം സുമുഖീ-നീ കറ തീണ്ടാത്തോൾ
സ്ലീബായേ വന്ദിപ്പതിനാൽ-രാജാവാം മശിഹാ
ഹാലേലുയ്യാ-കാക്കുന്നു നിന്നെ.

സുന്ദരികളിലതി സുന്ദരി നീ-ജാതികളിൽ സൂ-നു!
ഉലകിതിലൊരുപോലൊളിവീശും-പകലോനൊത്തോ-ൾനീ
താവകഫാലേ-സ്ലീബായിൻ മുദ്ര
പാവന വദനം-സ്തുതി പാടീടുന്നു.
ദൈവസുതൻ തൻരക്തം നിൻ-വായ്മലരിൽക്കാ-ൺമൂ
സ്തുതി പാടുന്നിരവും പകലും-നിൻ സന്താന-ങ്ങൾ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

ബാറെക്മോർ-ശുബഹോ...........

പുലരിയിലപ്പരമോന്നതനാം-ദൈവത്തെ വാ-ഴ്ത്തും
മീവൽപ്പറവയൊടൊപ്പം താൻ-സഭ സംഗീത-ത്തിൽ
ദാവീദിന്റെ-കിന്നരവും പേറി
അവളീറയരോ-ടൊപ്പം പാടുന്നു.
നൂറ്റമ്പതു കമ്പികളേലും-തംബുരു വാദ്യ-ത്താൽ
അവളുടയോനെ വാഴ്ത്തീടു-ന്നുലകങ്ങളിലെ-ങ്ങും
ഹാലേലുയ്യാ-കൃപ വർഷിച്ചീടാൻ.

മെനഓലം...........

സഭയോതുന്നെന്നേ മൂന്ന്-കോട്ടകൾ ചുറ്റു-ന്നൂ
വഞ്ചകനാം ദുഷ്ടാത്മാവിങ്ങുള്ളിൽ പൂകീ-ടാ
ബന്ധിച്ചവയാ-ണന്യോന്യം മൂന്നും
കോട്ടകളിടയിൽ-സ്ഥലമില്ലിവ പാർത്താൽ
താതസുതാമലറൂഹായാ-മേകത്വം ത്രി-ത്വം
മഹിമയെഴും മണവാട്ടിസമം-മദ്ധ്യേ മേവു-ന്നോൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.....

മൊറിയൊ............

എത്രോ

കൊത്തിനെ പട്ടണത്തിൽ കല്യാണവിരുന്നിനായി ക്ഷണിക്കപ്പെടുകയും വെള്ളത്തെ ശ്രേഷ്ഠമായ വീഞ്ഞാക്കി മാറ്റുകയും ചെയ്ത മനുഷ്യസ്നേഹിയും സാക്ഷാൽ സത്യ മണവാളനുമായ കർത്താവേ! ഇപ്പോൾ നിന്റെ വിശുദ്ധ ബലിപീഠത്തിൻ മുമ്പാകെ തലകുനിച്ച് നിൽക്കുന്ന ഈ ദാസരെ ഈ സുഗന്ധധൂപം അംഗീകരിച്ചുകൊണ്ട് അനുഗ്രഹിക്കണമെ. + കരുണയും ദയവും നിറഞ്ഞതായ നിന്റെ വലതുകൈ ഇവരുടെമേൽ ആവസിപ്പിക്കണമെ. ആത്മീയമായ നിന്റെ മണവറയിൽ ഇവരെ സന്തോഷിപ്പി ക്കുകയും ചെയ്യണമെ. നിന്നെ സ്നേഹിക്കുകയും നിന്റെ കല്പനകൾ ആചരിക്കുകയും ചെയ്തിട്ടുള്ളവരായ വിശു ദ്ധന്മാർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള വിരുന്നിനു ഞങ്ങ ളെയും ഇവരെയും യോഗ്യരാക്കുകയും ചെയ്യണമെ. ഞങ്ങളും ഇവരും നിന്റെ വലതുഭാഗത്ത് നിന്നുകൊണ്ട് നിന്റെ കരുണയെ ദർശിക്കുകയും നിനക്കും നിന്റെ പിതാ വിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ............

പൌലോസുശ്ലീഹാ ധന്യൻ..........

ശ്ലീഹാവായന

(എപ്പേസി 5:20-6:3)

നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമ ത്തിൽ സർവ്വദാ സർവ്വത്തിനും വേണ്ടി പിതാവായ ദൈവത്തെ സ്തുതിക്കുവിൻ. മിശിഹായിലുള്ള സ്നേഹ ത്താൽ പരസ്പരം കീഴ്പെടുകയും ചെയ്വിൻ. സ്ത്രീകളേ! നമ്മുടെ കർത്താവിനെ എന്ന പ്രകാരം നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാരെ അനുസരിപ്പിൻ. എന്തെന്നാൽ മിശിഹാ

സഭയുടെ തലയും ശരീരത്തിന്റെ രക്ഷിതാവും ആകുന്ന പ്രകാരം ഭർത്താവ് ഭാര്യയുടെ തലയാകുന്നു. സഭ മിശിഹായ്ക്കു കീഴ്പ്പെടുന്ന പ്രകാരം തന്നെ ഭാര്യമാരും അവരവരുടെ ഭർത്താക്കന്മാർക്ക് സകലത്തിലും കീഴ്പ്പെടണം. ഭർത്താക്കന്മാരേ! മിശിഹാ തന്റെ സഭയേ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലം കൊണ്ടു കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്ത്വപൂർണ്ണയായി തനിക്കു തന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്. അതുപോലെ തന്നെ ഭർത്താക്കന്മാർ സ്വന്തശരീരങ്ങളെ എന്നപോലെ ഭാര്യമാരെ സ്നേഹിക്കേണ്ടതാകുന്നു. എന്തെന്നാൽ തന്റെ ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാകുന്നു സ്നേഹിക്കുന്നത്. ആരും ഒരിക്കലും സ്വന്തം ശരീരത്തെ ദ്വേഷിക്കുന്നില്ലല്ലോ. പിന്നെയോ മിശിഹാ സഭയ്ക്കുവേണ്ടി എന്നതുപോലെ അതിനെ പോഷിപ്പിക്കുകയും അതിനുവേണ്ടി ഉത്സാഹിക്കുകയും ചെയ്യുന്നു. നാം അവിടുത്തെ ശരീരത്തിന്റെ അവയവങ്ങളാണ്. ഇക്കാരണത്താൽ പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട് തന്റെ ഭാര്യയോട് ചേരും. അവരിരുവരും ഏകശരീരമായിത്തീരുകയും ചെയ്യും. ഇത് ഒരു വലിയ രഹസ്യമാണ്. ഞാൻ മിശിഹായെക്കുറിച്ചും അവിടുത്തെ സഭയെക്കുറിച്ചും ആകുന്നു പറയുന്നത്. അപ്രകാരം തന്നെ നിങ്ങൾ ഓരോരുത്തരും തന്നെ എന്നപോലെ തന്റെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ സ്വഭർത്താവിനെ ആദരിക്കുകയും വേണം. മക്കളേ! നിങ്ങൾ കർത്താവിനെ ഓർത്ത് മാതാപിതാക്കന്മാരെ അനുസരിപ്പിൻ. എന്തെന്നാൽ അതു നീതിയാകുന്നു "നിനക്ക് നന്മ വരുവാനും നീ ഭൂമിയിൽ ദീർഘായുസ്സായിരിപ്പാനുമായിട്ട് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക" എന്നുള്ളത് വാഗ്ദാനത്തോടുകൂടിയ പ്രഥമ കല്പനയാകുന്നു.

(പെത്ഗോമൊ)

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ-മോദിക്കട്ടെപരം നാഥാ!-
നിൻശക്തിയിലും രക്ഷയിലും നൃപതി-ഹാലേലൂയ്യാ

**ഏവൻഗേലിയോൻ**

(മത്തായി 19:1-12)

യേശു ഗ്ലീലായിൽ നിന്നു യാത്ര പുറപ്പെട്ട് യോർദ്ദാന്റെ മറുകരയിൽ യീഹൂദിന്റെ അതിർത്തിയിൽ എത്തി. ജനസമൂഹങ്ങൾ അദ്ദേഹത്തെ അനുഗമിക്കുകയും അവിടെവച്ച് അവരെ സുഖപ്പെടുത്തുകയും ചെയ്തു. അനന്തരം പരീക്ഷാർത്ഥം പ്രീശന്മാർ അടുത്തുചെന്ന് "ഏതൊരു കാരണത്താലെങ്കിലും ഒരുത്തനു തന്റെ ഭാര്യയെ പിരിച്ചുവിടുവാൻ ന്യായമുണ്ടോ" എന്നു ചോദിച്ചു. അദ്ദേഹം അവരോടുത്തരം പറഞ്ഞു. "ആദിയിൽ സ്രഷ്ടാവ് ആണും പെണ്ണുമായി മനുഷ്യരെ സൃഷ്ടിച്ചു എന്നും ആയതുകൊണ്ട് പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട്

ഭാര്യയോട് ചേർന്നിരിക്കുകയും അവരിരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യുമെന്ന് അവിടുന്ന് കൽപിച്ചു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ. ആകയാൽ അവർ രണ്ടല്ല, ഒരു ശരീരമാകുന്നു. അതുകൊണ്ട് ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്." അവർ അദ്ദേഹത്തോട് "അങ്ങനെയെങ്കിൽ മോചനപത്രം കൊടുത്ത് അവളെ പിരിച്ചുവിടുവാൻ മോശ കൽപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട്" എന്നു ചോദിച്ചു. അദ്ദേഹം അവരോട് പറഞ്ഞു "മോശ നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം ഭാര്യമാരെ പിരിച്ചുവിടുവാൻ നിങ്ങളെ അനുവദിച്ചു. എന്നാൽ ആദിയിൽ അങ്ങനെയായിരുന്നില്ല. ഞാൻ നിങ്ങളോട് പറയുന്നു; വ്യഭിചാരക്കുറ്റം കൊണ്ടല്ലാതെ സ്വഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ പരിഗ്രഹിക്കുന്നവൻ ചെയ്യുന്നത് വ്യഭിചാരമാണ്. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവൻ ചെയ്യുന്നതും വ്യഭിചാരം തന്നെ." ശിഷ്യന്മാർ അദ്ദേഹത്തോട് "ഭാര്യാ ഭർത്താക്കന്മാരുടെ പരസ്പരസ്ഥിതി ഈ വിധം കുറ്റകരമെങ്കിൽ വിവാഹം ചെയ്യുന്നത് നല്ലതല്ലല്ലോ" എന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞു "വരം ലഭിച്ചവനല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ജന്മനാ ഷണ്ഡന്മാരായിട്ടുള്ളവരുണ്ട്; മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെടുന്നവരുണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെതന്നെ ഷണ്ഡന്മാരാക്കുന്നവരുമുണ്ട്. ഗ്രഹിക്കുവാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ."

(ബൈത്തൊ-കദ് ഹസോസൊക്)

വന്ദ്യസ്ലീബാത്തരുവിന്മേൽ
നീതിമഹാരവിയാം നിന്നെ
നിർമ്മലയാം സഭ കണ്ടപ്പോൾ
അമ്പിളിതുല്യം ക്രമമായ് നിന്നി-
ട്ടഖിലാധിപനാം നിൻ പ്രാഗത്ഭ്യത്തെ
വിധിപോൽ ഭംഗ്യാ ഘോ-ഷി-ച്ചു.

(പട്ടക്കാരൻ കിരീടങ്ങളിന്മേൽ വലതുകൈ ആവസിപ്പിച്ചുകൊണ്ട്)

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധ റൂഹായുടെയും + നാമത്തിൽ ഈ കിരീടങ്ങളും ഇവ വയ്ക്കപ്പെടുന്ന ശിരസ്സുകളും എന്നെന്നേയ്ക്കും ആശീർവദിക്കപ്പെട്ട് പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു.

(പട്ടക്കാരൻ മണവാളന്റെ ശിരസ്സിൽ കിരീടം
മൂന്നു പ്രാവശ്യം ആഘോഷിച്ചുകൊണ്ട്)

വാനിന്നുടയോൻ-കൈയ്യാൽ
മകുടം ഘോഷമിറ-ങ്ങുന്നു
മണവാളനെയാ-ചാര്യൻ
അണിയിക്കും മകുടം-രമ്യം.

(ഓരോ പ്രാവശ്യവും ശുശ്രൂഷക്കാരൻ പ്രതിവാക്യമായിട്ട്)

വൈദികശെമ്മാ-ശന്മാ – ർക്കാമ്പാലിമ്പം-നൽക
മുടിയാൽ മണവാ-ളന്നും – മണവറയാൽ മണവാട്ടിക്കും.

മഹിതാചാര്യ-ന്മാരാൽ – ദമ്പതികൾക്കേ-കിടുവാൻ
മിശിഹാനൃപനാൽ-രചിതം – മകുടം പാരം-രുചിരം.

ശാശ്വതശാലാ-ധീശാ! – സത്യമണാളാ!-ശീഘ്രം
സവിധമണഞ്ഞീ-ടണമെ – സതതം സന്തോ-ഷിക്കാം.

(പട്ടക്കാരൻ കിരീടം മണവാളന്റെ ശിരസ്സിൽ വച്ചുകൊണ്ട്)

കർത്താവ് നിന്നെ നീതിയിൽ കിരീടം ധരിപ്പിക്കുകയും അക്ഷയമായ അലങ്കാരങ്ങളാൽ അലങ്കരിക്കുകയും ശത്രുവിന്റെ സകല ശക്തിക്കും എതിരായി അജയ്യമായ ആയുധം ധരിപ്പിക്കുകയും ചെയ്യട്ടെ. ആമ്മീൻ.

(പട്ടക്കാരൻ മണവാട്ടിയുടെ ശിരസ്സിൽ കിരീടം
മൂന്നു പ്രാവശ്യം ആഘോഷിച്ചുകൊണ്ട്)

വാനിന്നുടയോൻ-കൈയാൽ; മകുടം ഘോഷമിറ-ങ്ങുന്നു.
മണവാട്ടിയെയാ-ചാര്യൻ; അണിയിക്കും മകുടം-രമ്യം.

(പ്രതിവാക്യം)

വൈദികശെമ്മാശ്ശന്മാ..............
മഹിതാചാര്യന്മാരാൽ............
മണവാളൻതൻ-മകുടം, തിരുമുൾമുടിയൊ-ടു സദൃശ്യം
മണവാട്ടിയുടെ-മകുടം, സതിമാർമുടി-യോടു സദൃശ്യം.

(മണവാട്ടിയുടെ ശിരസ്സിൽ കിരീടം വച്ചുകൊണ്ട്)

നീതിയിൻ കിരീടവും അക്ഷയ ഭംഗിയുള്ള അലങ്കാരങ്ങളും കർത്താവ് നിന്നെ ധരിപ്പിക്കട്ടെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേറ്റിക്കൊണ്ട് ആയുഷ്ക്കാലം മുഴുവനും സന്തോഷിക്കുവാൻ നിനക്കിടയാവുകയും ചെയ്യട്ടെ. ഹോശോ..............

(ഇന്ത്യയിലെ പുരാതനമായ ആചാരമനുസരിച്ച് മണവാട്ടിയുടെ
കഴുത്തിൽ കുരിശുതാലി കെട്ടിക്കുന്നു.)

ശുഭ ചിഹ്നം താൻ-സ്ലീബാ - വിജയക്കൊടിതാൻ-സ്ലീബാ
നമ്മെ രക്ഷി-ച്ചിടും - സ്ലീബായിൽ പുകഴു-ന്നു നാം.

(ഇതുതന്നെ ചൊല്ലിക്കൊണ്ട് മണവാട്ടിയെ പട്ടക്കാരൻ മൂടുപടം ധരിപ്പിക്കുന്നു.)

## പ്രാർത്ഥന

മനുഷ്യജീവിതത്തിൽ സന്തോഷിക്കുന്നവനായ കർത്താവ് നിങ്ങളുടെ ജീവിതത്തിൽ പ്രീതിപ്പെട്ട് നിങ്ങളുടെ ബന്ധത്തെ അനുഗ്രഹിക്കുമാറാകട്ടെ. സ്വർഗ്ഗീയ മണവാളനായ മിശിഹാ യഥാർത്ഥമായ തന്റെ മണവാളത്വത്താൽ നിങ്ങളുടെ മണവാളത്വത്തിന് മുദ്രയിടട്ടെ. മിശിഹാ തന്റെ സഭയിൽ എന്നപോലെ നിങ്ങൾ അന്യോന്യം സന്തോഷിക്കുമാറാകട്ടെ. കരുണയുള്ള വലത്തുകൈ വന്ന് നിങ്ങളിൽ ആവസിച്ച് എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിങ്ങളെ കാത്തുകൊള്ളട്ടെ. സമാധാന ദൂതൻ നിങ്ങളോടുകൂടെ ഇരുന്ന് ആകെൽക്കറുസായുടെ വഞ്ചനയിൽ നിന്ന് നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ. മരണകരമായ അസൂയയിൽനിന്ന് ദൈവം നിങ്ങളെ കാത്തുകൊള്ളുകയും നിങ്ങളെ പരസ്പരം സന്തോഷിപ്പിക്കുകയും നിങ്ങളിൽ നിന്ന് ദുഃഖങ്ങളെ നീക്കിക്കളയുകയും ചെയ്യട്ടെ. അബ്രഹാം ഇസഹാക്കിലും ഇസഹാക്ക് യാക്കോബിലും യാക്കോബ് യൌസേപ്പിലും സന്തോഷിച്ച പ്രകാരം നിങ്ങൾക്കും സന്തോഷിക്കേണ്ടതിന് ഉത്തമ സന്താനങ്ങളെ കർത്താവ് നിങ്ങൾക്കു നൽകുമാറാകട്ടെ. (നിങ്ങൾ വർദ്ധിച്ചു പെരുകി ഭൂമിയിൽ നിറയുവിൻ എന്നു പറഞ്ഞുകൊണ്ട്) ദൈവം നോഹിനും മക്കൾക്കുമായി നൽകിയ അനുഗ്രഹം നിങ്ങളിൽ വസിക്കട്ടെ. ദൈവം അബ്രഹാമിനും ഇസഹാക്കിനും യാക്കോബിനും നൽകിയതായ അനുഗ്രഹവും നിങ്ങളിൽ വസിക്കട്ടെ. ആകാശത്തുനിന്ന് പനിമഞ്ഞും ഭൂമി ഉല്പാദിപ്പിക്കുന്ന സർവ്വസൽഫലങ്ങളും ദൈവം നിങ്ങൾക്ക് നല്കട്ടെ. നിന്റെ പിതാവിന്റെ ദൈവം നിന്നെ സഹായിക്കും എന്നു പറഞ്ഞുകൊണ്ട് യാക്കോബ് തന്റെ പുത്രനായ

യൌസേപ്പിന് നല്കിയതായ അനുഗ്രഹം നിങ്ങളിൽ വസിക്കട്ടെ. ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ ഇഷ്ടം ആചരിക്കുകയും ചെയ്തിട്ടുള്ളവരുടെ അനുഗ്രഹം നിങ്ങളിലും പട്ടക്കാരുടെ കൈകളാൽ നിങ്ങളുടെ തലയിൽ വയ്ക്കപ്പെട്ടതായ കിരീടങ്ങളിലും വസിക്കുമാറാകട്ടെ. കർത്താവിന്റെ നാമം നിങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ എല്ലാ ജാതികളും സന്തോഷിച്ച് മഹത്വം പാടുമാറാകട്ടെ. ഐശ്വര്യങ്ങൾകൊണ്ടും സമ്പാദ്യങ്ങൾകൊണ്ടും സർവവിധ സൗഭാഗ്യങ്ങൾകൊണ്ടും ദൈവം നിങ്ങളെ സമ്പന്നരാക്കുകയും ആ പാപിനിയോടെന്നപോലെ നിങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുകയും ചെയ്യട്ടെ. വലതുഭാഗത്തെ കള്ളനെപ്പോലെ അനുതാപത്താൽ നിങ്ങളും സ്വർഗരാജ്യാവകാശികളായി ഭവിക്കട്ടെ. നാമെല്ലാവരുടെയും മരിച്ചുപോയവർ പാപപരിഹാരം പ്രാപിക്കുകയും ചെയ്യട്ടെ. മെസ്രേനിൽനിന്ന് കൂട്ടിക്കൊണ്ടുപോന്ന മണവാട്ടിയോട് ഉടമ്പടി ചെയ്‌വാനായി സീനായിമലയിൽ ഇറങ്ങിവന്ന ആ മഹോന്നതൻ നിങ്ങളെയും നമ്മുടെ ഈ സംഘം മുഴുവനെയും അനുഗ്രഹിക്കുമാറാകട്ടെ. നമുക്ക് പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി കരേറ്റാം. ഹോശോ.................

സുഗീസോ-ശെമവൂൻ ലമ്ദീനസ്

ഏദൻതോട്ടം നട്ടോനേ!
നീയാണെൻ യുവമണവാളൻ
നിൻ തോട്ടത്തിന്നെൻപേർക്കായ്
വീശിച്ചീടുക കുളിർതെന്നൽ.

സത്യമണാളാ നീതിജ്ഞാ!
നാഥാ! ഞാൻ നിൻ മണവാട്ടി
നീയാണെൻ തണലും താങ്ങും
ചെയ്യണമെന്നൊടു കാരുണ്യം
സ്ലീബായാലവകാശധനം
മുദ്രിതമാക്കിപ്പീഢകളാൽ
അടിമ വിടുർത്തി സ്വർഗ്ഗത്തിൽ
പന്തിയിലെന്നെ നീയേറ്റി
ചോരന്മാരെൻ ചാരിത്രം
തീരെപ്പോക്കാൻ നേരിട്ടു.
നിൻ പ്രേമത്താൽ ഞാനവരെ
തോൽപ്പിച്ചടിമത്തം നീക്കി.
പ്രേമത്താൽ കുത്താടുന്നേൻ
മോദിക്കുന്നേൻ നിന്നഴകിൽ
നീ ദൈവാത്മജനെൻ നാഥാ!
എന്നെ ഏന്തുക നിൻതോളിൽ.
എന്നാലംബം നിൻ പ്രേമം
നിൻ പ്രേമത്താലെരിയുന്നേൻ
എൻതലയിടമാം കൈയിലണ-
ച്ചെന്നെപ്പുണരുക മറുകൈയ്യാൽ
നാഥാ! ദൂരെപ്പോകരുതേ
ഈയുള്ളോളെത്തള്ളരുതെ
മാനിപ്പാൻ മടികാണിച്ചാൽ
ക്ഷീണിച്ചയ്യോ ഞാൻ ചാവും.
നീ കതിരോനിലുമൊളിയുള്ളോൻ
നീ പനിനീരിൽ മണമുള്ളോൻ
ജീവൻചിന്തും നിന്നധരം
ചുംബിച്ചാൽ മതിയാവില്ല.

( നാഥാ! നോക്കുക സുന്ദരി ഞാൻ
എന്നെയേറ്റുക മണിയറയിൽ
നിന്നുടെ മടിയിൽ ശയനം ചെ-
യ്തിയലട്ടെ ഞാൻ സുഖനിദ്ര. )

വല്ലഭനാം മശിഹാ നാഥൻ
കല്ലറയിന്നും മഹിമാവിൽ
നല്ലൊളിയോടേറ്റെന്നേവം
ചൊല്ലുമ്പോൾ ഞാൻ ഭാഗ്യവതി.

( നാളും മാസവുമാണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി
നിൻ ജീവദ്ധ്വനി കേട്ടപ്പോൾ
കണ്ണുതെളിഞ്ഞാനന്ദിച്ചേൻ ) മൊറിയോ.............

### മാർ യോക്കോബിന്റെ ബോവൂസൊ

ക-ർത്താവേ! നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാ-ർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

ദൈ-വാത്മജനേ! ദമ്പതികളെയും തലയിൽ ചൂടും
മ-കുടങ്ങളെയും വലതുകരത്താൽ വാഴ്ത്തീടേണം +

നാ-മം ചൊന്നിദ്ദമ്പതികൾക്കായ് വരമേകേണം +
തേ-ജോലോകത്തിവരുടെ കാലം ശുഭമാകേണം.

ധ-ന്യതയാർന്നോൾ പരിശുദ്ധന്മാർ തൻ പ്രാർത്ഥനയാൽ
വാ-ഴ്ത്തണമേ + യീജനനിവഹത്തെയെന്നെന്നേയ്ക്കും.

നി-ൻസ്തുതി പാടാൻ കിന്നരമേന്തി സ്തോത്രം ചെയ്‌വാൻ
എ-ൻ കർത്താവേ! ഇവരുടെ വായ്കളെ വാഴ്ത്തീടേണം+

സ-ർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാ-ർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം.

### ഹൂത്തോമോ

വാത്സല്യ സഹോദരങ്ങളേ! നാമെല്ലാവരും ദൈവഭവനത്തിൽ സന്നിഹിതരായിരിക്കുന്ന ഈ സന്ദർഭത്തിൽ വിശ്വാസികളെ പ്രബോധിപ്പിക്കുകയും നമ്മുടെ മുമ്പിൽ നില്ക്കുന്ന ഇവർ സത്യത്തിലും നീതിയിലും സൽപ്രവൃത്തികളിലും താല്പര്യമുള്ളവരും നല്ല കാര്യങ്ങളിൽ ഉത്സാഹികളും ആയിരിക്കണമെന്ന് ഉറപ്പായി കൽപ്പിക്കുകയും ചെയ്യുകയെന്ന പാരമ്പര്യം നമുക്കുണ്ട്. ഇത് വിശുദ്ധ പിതാക്കന്മാരിൽ നിന്ന് നാം പ്രാപിച്ചിട്ടുള്ളതും ബഹുമാന്യരായ പൂർവ്വികന്മാർ നമ്മെ ഭരമേല്പിച്ചിട്ടുള്ളതുമാണ്. മക്കളേ! ഇപ്പോൾ നിങ്ങൾ ദൈവസന്നിധിയിലും നമ്മുടെ കർത്താവേശുമിശിഹായുടെ സിംഹാസനമായ ജീവമേശയുടെയും സ്ലീബായുടെയും വെടിപ്പുള്ള ഏവൻഗേലിയോന്റെയും ഈ ജനക്കൂട്ടത്തിന്റെയും മുമ്പാകെയാണ് നിൽക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധിപ്പീൻ. ഹൃദയവിചാരങ്ങൾ അറിയുന്നവന്റെ സന്നിധിയിലാകുന്നു, അറിയാത്തവന്റെ മുമ്പാകെയല്ല നിങ്ങൾ നില്ക്കുന്നത്. ഇതാ ഈ സമയം മുതൽ ഞാൻ നിങ്ങളെ പരസ്പരം[1] ഭരമേല്പിക്കുന്നു. എനിക്കും നിങ്ങൾക്കും ഇടയിൽ ദൈവം മദ്ധ്യസ്ഥനായിരിക്കട്ടെ. നിയമവിരുദ്ധമായി നിങ്ങൾ ചെയ്യുന്ന സകലത്തിലും ഞാൻ നിരപരാധിയായിരിക്കും. പട്ടക്കാരിലും ശെമ്മാശന്മാരിലും വിശ്വാസികളായ ജനത്തിലും മണവാളനിലും മണവാട്ടിയിലും ക്ഷണിക്കപ്പെട്ടവരിലും ക്ഷണിച്ചവരിലും ദൈവത്തിന്റെ അനുഗ്രഹങ്ങളും കരുണയും വന്ന് സമൃദ്ധിയായി ആവസിക്കുമാറാകട്ടെ. അനുഗ്രഹീതയായ മാതാവും ദൈവജനനിയുമായ വിശുദ്ധകന്യക മൊർത്ത്മറിയാമിന്റെയും നമ്മുടെ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ

1. പരസ്പരം കൈപിടിപ്പിക്കുന്നു.

കല്പനകൾ ആചരിക്കുകയും ചെയ്തിട്ടുള്ളവരായ സർവ്വ വിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ കർത്താവേശുമിശിഹായുടെ വലത്തുകൈ എന്നെന്നേക്കും നിങ്ങളിൽ ആവസിക്കുമാറാകട്ടെ[1].

വീണ്ടും; വിശ്വാസികളേ! ഈ കല്പനകൾ നിങ്ങൾക്കെല്ലാവർക്കുമായിട്ടാകുന്നു എന്ന് അറിഞ്ഞുകൊൾവിൻ. നിങ്ങളിൽ ഓരോരുത്തനും അവനവന്റെ ഭാര്യയോടുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് നല്ലവണ്ണം ശ്രദ്ധിപ്പിൻ. ഭാര്യ സ്വന്തമാളുകളെ വെടിഞ്ഞ് ഭർത്താവുമായി ചേർന്ന് ഒന്നായിത്തീർന്നിരിക്കുന്നു. ആകയാൽ ഭർത്താവ് ഭാര്യയെ പ്രീതിപ്പെടുത്തുകയും അവളോട് ദയവുള്ളവനായിരിക്കുകയും ചെയ്യണം. ഭർത്താവ് നഗ്നനായിരുന്നാലും ഭാര്യയ്ക്ക് ധരിപ്പാൻ നല്കണം. സ്വപ്രാണനെപ്പോലെ ഭാര്യ ഭർത്താവിനോട് വർത്തിക്കണം. ഭർത്താവ് വിശന്നിരുന്നാലും ഭാര്യയ്ക്ക് ഭക്ഷണം നൽകണം. ഭർത്താവ് ദാഹിച്ചിരുന്നാലും ഭാര്യയ്ക്ക് കുടിക്കുവാൻ നല്കണം. ഭാര്യയും ന്യായമായപ്രകാരം ഭർത്താവിന്റെ പരിചരണം നിർവഹിക്കുവാൻ കടപ്പെട്ടവളാകുന്നു. എല്ലാകാര്യങ്ങളിലും സ്നേഹത്തോടും പ്രേമത്തോടും കൂടി ഭാര്യ ഭർത്താവിന്റെ അടുക്കൽ വർത്തിക്കണം. നമ്മുടെ കർത്താവേശുമിശിഹായുടെ കൃപ ഞങ്ങളിലും നിങ്ങളിലും എന്നേക്കുമുണ്ടായിരിക്കട്ടെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!........ഇത്യാദി

(വിശ്വാസപ്രമാണം ദൈവമാതാവിന്റെയും
പരിശുദ്ധന്മാരുടെയും കുക്കിലിയോൻ
ഹുത്തൊമോ മുതലായവ)

---

1. വധുവരന്മാർ പരസ്പരം കൈവിട്ട് കുരിശു വരയ്ക്കുന്നു.